LIBRARY ARCHIVES Kerala Legislative Assembly

പുളക്കാട് ബസ് സ്റ്റേഷൻ

332 (336) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പുളക്കാട് ബസ് സ്റ്റേഷനിൽ നിന്നും മലയോര പ്രദേശമായ ആറ്റപ്പിള്ളി, വല്ലർ തുടങ്ങിയ. മേഖലകളിലേക്കുള്ള സർവ്വീസുകൾ ഇടയ്ക്ക് മുടങ്ങുന്നതുമൂലം മലയോര പ്രദേശങ്ങളിലെ ജനങ്ങൾക്ക് ശ്രക്ഷമായ യാത്രാക്ലേശം ഉണ്ടാകാറുള്ളതും, പ്രസ്തുത ബസ്സ് സ്റ്റേഷനിൽ ആവശ്യമായ ജീവനക്കാരും, ബസ്സുകളും ഇല്ലായെന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വീസ് മുടങ്ങാതിരിക്കാൻ ആവശ്യമായ ജീവനക്കാരും, ബസ്സും പുളക്കാട് സ്റ്റേഷനിൽ എന്നേക്ക് അനുവദിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുളക്കാട് ബസ് സ്റ്റേഷനിൽ നിലവിൽ 36 ഷെഡ്യൂളുകൾക്ക് 34 ബസുകളാണുള്ളത്. മൂന്ന് സ്പെയർ ബസുകളടക്കം അഞ്ച് ബസുകളുടെ കുറവാണുള്ളത്. നിലവിലുള്ള ബസുകൾക്കായി 85 ഡ്രൈവറും, കണ്ടക്ടറും ആവശ്യമുണ്ട്. എന്നാൽ 71 ഡ്രൈവറും 66 കണ്ടക്ടറുമാണ് നിലവിലുള്ളത്.

(ബി) പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് ബസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ബസുകൾക്ക് ആനുപാതികമായി ജീവനക്കാരെ നിയമിക്കാവുന്നതുമാണ്.

കോഴിക്കോട് ജില്ലയിലെ ലോ-ഫ്ലോർ ബസുകളും റൂട്ടും

333 (337) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ എത്ര എ.സി./നോൺ-എ.സി. ലോ-ഫ്ലോർ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട് ; വെളിപ്പെടുത്താമോ ;

(ബി) ഈ ബസ്സുകൾക്ക് റൂട്ടുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) ഒന്നിൽ കൂടുതൽ ക്ലസ്റ്ററുകൾ മാറി ലോ ഫ്ലോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ ; എങ്കിൽ വെളിപ്പെടുത്താമോ ;

(ഡി) ലോ ഫ്ലോർ ബസ്സുകളുടെ റൂട്ടുകൾ നിർണ്ണയിക്കുമ്പോൾ നിയോജക മണ്ഡലങ്ങളിലെ പ്രധാന സ്ഥലങ്ങൾ പരിഗണിക്കണമെന്ന് എം.എൽ.എ.-മാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഗണിച്ച് റൂട്ട് അനുവദിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ സർവ്വീസ് നടത്തുന്ന ലോ ഫ്ലോർ ബസ്സുകൾ ആ ജില്ലയ്ക്കുവേണ്ടിമാത്രം അനുവദിച്ചതാണോ ; വ്യക്തമാക്കാമോ ?